©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2025 ഒക്ടോബർ 06
06th October 2025
1201 കന്നി 20
20th Kanni 1201
1947 ആശ്വിനം 14
14th Aswina 1947

നമ്പർ
No.
3527

ഫോറം നമ്പർ 7

ചട്ടം 18(1) കാണുക

11-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം

നമ്പർ: DCEKM/7928/2023-C7 06/10/2025

കേരള സർക്കാർ 09.12.2015 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 2753 ൽ പരസ്യപ്പെടുത്തിയ 04.12.2015 ലെ സ.ഉ (അച്ചടി) 649/15/RD നമ്പർ വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ ആലുവ എൽ.എ., എൻ.എച്ച്. നമ്പർ 2 സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും, പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി എൽ.എ ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും, ഇതോടൊപ്പമുള്ള പട്ടികയിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത്, മൂത്തകുന്നം ജി എൽ പി സ്കൂൾ കെട്ടിട നിർമ്മാണത്തിനായി ആവശ്യമുണ്ടായേക്കാമെന്ന് ജില്ലാ കളക്ടർക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാലും,

ഇപ്പോൾ തൻമൂലം അതുമായി ബന്ധപ്പെട്ട എല്ലാ പേർക്കും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭ്രരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസീൽദാർ (എൽ.എ.) , എൻ.എച്ച്. നമ്പർ 2, ആലുവ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

<u>പട്ടിക 1</u>

ജില്ല - എറണാകുളം വില്ലേജ് - മൂത്തകുന്നം

താലൂക്ക് - പറവൂർ

(ഏകദേശവിസ്തീർണ്ണം ചേർത്തിരിക്കുന്നു)

മുഴുവൻ സ്ഥലവും ഗ്രാമപ്രദേശത്തിൽ ഉൾപ്പെട്ടതാകുന്നു

ക്രമനമ്പർ	സർവ്വേ സബ് ഡിവിഷൻ നമ്പർ	വിവരണം	വിസ്തീർണ്ണം (ഹെക്ടറിൽ)	പൊതു ആവശ്യത്തിന്റെ സ്വഭാവം	ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള കാരണം	ഉടമസ്ഥർ
1	309/16	പുരയിടം	0.1376	മൂത്തകുന്നം ജി എൽ പി എസ്	പദ്ധതി നിർവ്വഹണത്തിന്	സുരേഷ്കുമാർ എ എസ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

				കെട്ടിട നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നത്	വേണ്ടി	സുബ്രഹ്മണ്യൻ മകൻ അറുക്കാട്ട് വീട് മടപ്ലാതുരുത്ത് മൂത്തകുന്നം പി ഒ പറവൂർ

സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്ത രൂപം

SIA യൂണിറ്റായ രാജഗിരി ഔട്ട് റീച്ച് കളമശ്ശേരി തയ്യാറാക്കി നൽകിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട്, വിദഗ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ട്, എന്നിവ പരിഗണിച്ച് മൂത്തകുന്നം ജി.എൽ.പി.എസ്സിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ ഗുണപരവും വിപരീതവുമായ ആഘാതങ്ങൾ വിലയിരുത്തിയതിൻറെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നിയമം നിഷ്കർഷിക്കുന്ന ന്യായമായ നഷ്ട പരിഹാരം പദ്ധതി ബാധിത കുടുംബത്തിന് നൽകുന്നത് വഴി പദ്ധതിയുടെ പ്രത്യാഘാതം കുറക്കാവുന്നതാണെന്നും പദ്ധതിയുടെ നേട്ടങ്ങൾ കോട്ടങ്ങളെക്കാൾ വലുതാണെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ പറവൂർ താലൂക്ക് മൂത്തകുന്നം വില്ലേജിൽ സർവേ 309/16 ൽ പെട്ട 13.76 ആർ വസ്തു പൊന്നുംവില നടപടികൾ പ്രകാരം ഏറ്റെടുക്കുന്നതിന് എൽ എ ആർ ആർ ആക്ട് 2013 സെക്ഷൻ 8(1),(2) എന്നിവ പ്രകാരം അംഗീകാരം നൽകി 27.08.2025 തിയതിയിലെ DCEKM /7928/2023-C7 നമ്പർ നടപടി ക്രമ പ്രകാരം ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതും ഈ ഉത്തരവിൻറെ പകർപ്പ് സെക്ഷൻ 8(3)പ്രകാരം ബന്ധപ്പെട്ട പ്രത്യാഘാത പഠന സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനു ലാൻഡ് അക്വിസിഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയത് പരസ്യപ്പെടുത്തിയിട്ടുള്ളതുമാണ് (www.ernakulam.nic.in) പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്റെ പകർപ്പുകൾ എറണാകുളം ജില്ലാ കളക്ടറേറ്റ്, സ്പെഷ്യൽ തഹസിൽദാർ, (എൽ എ) എൻ എച്ച്, നമ്പർ 2 ആലുവ എന്നീ ഓഫീസുകളിലും ലഭ്യമാണ്.

(ഒപ്പ്)

ജില്ലാകളക്ടർ, എറണാകുളം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.06 01:55:25 +05:30